കേരള മീഡിയ അക്കാദമി
കാക്കനാട്, കൊച്ചി - 30

നം.485/ഇ/2018/കെ.എം.എ

തീയതി. 03.12.2021

**ക്വട്ടേഷൻ നോട്ടീസ്**

കേരള മീഡിയ അക്കാദമിയിലെ ഓഫീസ് ഉപയോഗത്തിനായി ടാക്സി പെർമിറ്റുള്ള ഇന്നോവ വാഹനം (എ/സി കാർ) വാടകയ്ക്ക് നൽകുന്ന സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും താഴെപ്പറയുന്ന നിബന്ധനകൾക്കു വിധേയമായി സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു. ക്വട്ടേഷനുകൾ സ്വീകരിക്കുന്ന അവസാന തീയതി. 10.12.2021.ന് വൈകുന്നേരം 3.00 മണി. താമസിച്ചു ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

**നിബന്ധനകൾ**

1. പ്രതിമാസം മിനിമം 2000 കി.മീ.ഓടുന്നതിനുള്ള കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയിരിക്കണം.
2. നിരക്ക് വാഹനത്തിന്റെ മെയിന്റനൻസ്, ഫ്യൂവൽ, ഡ്രൈവറുടെ ശമ്പളം, ബാറ്റ ഉൾപ്പെടെയുള്ള തുക ആയിരിക്കണം.
3. വാഹനം ഒരു മാസം 2000 കി.മീനു മുകളിൽ സഞ്ചരിച്ചാൽ അധികം വരുന്ന ഓരോ കി.മീ.നും നൽകേണ്ട നിരക്ക് പ്രത്യേകം രേഖപ്പെടുത്തണം.
4. ലഭ്യമാക്കുന്ന വാഹനത്തിന്റെ വിപണിമൂല്യം 14 ലക്ഷം കവിയാൻ പാടില്ല
5. കേരളത്തിൽ എല്ലാ ജില്ലകളിലും യാത്ര ചെയ്യേണ്ടിവരും.
6. രാവിലെ 8 മണി മുതൽ രാത്രി 10 മണിവരെയായിരിക്കും സാധാരണ പ്രവർത്തിസമയം. അത്യാവശ്യ ഘട്ടങ്ങളിൽ അവധി ദിവസങ്ങളിലും ഓഫീസ് സമയത്തിനു മുൻപോ ശേഷമോ വാഹനം ലഭ്യമാക്കുവാൻ ഡ്രൈവർ സന്നദ്ധനായിരിക്കണം.
7. ഇന്നോവയോ ഇന്നോവയ്ക്ക് സമാനമായതോ ആയ ഒന്നിലധികം വാഹനങ്ങൾ ഉള്ള വ്യക്തികളോ സ്ഥാപനങ്ങളോ അഭികാമ്യം , ഉപയോഗത്തിലിരിക്കുന്ന വാഹനം തകരാറിലായാൽ മറ്റു സമാനമായ വാഹനം അധിക തുക ഈടാക്കാതെ ലഭ്യമാക്കുവാൻ സന്നദ്ധനായിരിക്കണം.
8. പ്രതിമാസ വാടക തൊട്ടടുത്ത മാസം ആയിരിക്കും നൽകുന്നത്.
9. ക്വട്ടേഷൻ ലഭിക്കേണ്ട മേൽ വിലാസം - സെക്രട്ടറി, കേരള മീഡിയ അക്കാദമി കാക്കനാട്, കൊച്ചി - 30
10. ക്വട്ടേഷനുകൾ 10.12.2021 ന് വൈകുന്നേരം 4 മണിക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നു പരിശോധിക്കുന്നതാണ്.
11. ഏതു ക്വട്ടേഷനും ഒരു കാരണവും പറയാതെ നിരസിക്കുന്നതിനുള്ള അധികാരം താഴെ ഒപ്പുവച്ച ആൾക്ക് ഉണ്ടായിരിക്കുന്നതാണ്.

സെക്രട്ടറി

പകർപ്പ് :

1. നോട്ടീസ് ബോർഡ്
2. ഓഫീസ് പകർപ്പ്/കരുതൽ ഫയൽ
3. അക്കാദമി വെബ്സൈറ്റ്